# FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 23/2025/OL |
| Category Code: | 334/2024 |
| Exam: | Clerk |
| Date of Test | 11-03-2025 |
| Department | Various |
| Language: | Malayalam |

Question1:-താഴെ കൊടുത്ത പ്രസ്താവനകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻ്റെ 1929-ലെ ലാഹോർ സമ്മേളനവുമായി ബന്ധമില്ലാത്തത് ഏത് ?
i)കോൺഗ്രസിൻ്റെ ലക്ഷ്യം പൂർണ്ണ സ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.
ii) ജവഹർലാൽ നെഹ്റു കോൺഗ്രസ് അധ്യക്ഷനായി.
iii) സിവിൽ നിയമ ലംഘന സമരം ആരംഭിക്കാൻ തീരുമാനിച്ചു.
iv) 1930 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനമായി ആചരിക്കാൻ തീരുമാനിച്ചു.

A:-i മാത്രം

B:-i ഉം ii ഉം

C:-iii ഉം iv ഉം

D:-iv മാത്രം

Correct Answer:- Option-D

Question2:-മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബിനെ കുറിച്ചുള്ള താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയേത് ?
i) 1939 ൽ കെ. പി. സി. സി. പ്രസിഡണ്ടായിരുന്നു.
ii) 1930 ലെ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് കോഴിക്കോട് വെച്ച് അറസ്റ്റ് ചെയ്യപ്പെട്ടു.
iii) അൽ അമീൻ പത്രത്തിൻ്റെ സ്ഥാപകനായിരുന്നു.
iv) ഫോർവേഡ് ബ്ലോക്കിൻ്റെ കേരള ഘടകം പ്രസിഡണ്ടായിരുന്നു.

A:-i ഉം ii ഉം

B:-ii ഉം iii ഉം

C:-ii ഉം iv ഉം

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question3:-താഴെ കൊടുത്തവയിൽ തെറ്റായ ജോടി ഏത് ?
i) ഫ്രഞ്ച് വിപ്ലവം - ബാസ്റ്റൈലിൻ്റെ പതനം
ii) റൂസ്സോ - സാമൂഹ്യ കരാർ
iii) സൺയാറ്റ് സൺ - റഷ്യൻ വിപ്ലവം
iv) WTO-1995-ൽ സ്ഥാപിച്ചു

A:-i മാത്രം

B:-iii മാത്രം

C:-iii ഉം iv ഉം

D:-ii ഉം iv ഉം

Correct Answer:- Option-B

Question4:-താഴെ കൊടുത്ത പ്രസ്താവനകളിൽ രാജാറാം മോഹൻ റോയിയുമായി ബന്ധപ്പെട്ട ശരിയേത്
i) മിറത്-ഉൽ-അക്ബർ എന്ന വാരിക ആരംഭിച്ചു.
ii) ആത്മീയ സഭ സ്ഥാപിച്ചു.
iii) തുഹ്ഫത്തുൽ മുവഹിദീൻ എന്ന ഗ്രന്ഥം എഴുതി.
iv) സംബാദ് കൌമുദി എന്ന വാരിക തുടങ്ങി.

A:-ii മാത്രം

B:-ii ഉം iv ഉം

C:-iv മാത്രം

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question5:-താഴെ കൊടുത്ത ചരിത്ര സംഭവങ്ങൾ പരിശോധിച്ച് ശരിയായ കാലഗണനാ ക്രമം ഏതെന്ന് കണ്ടെത്തുക
i) ഗുരുവായൂർ സത്യാഗ്രഹം
ii) ക്ഷേത്ര പ്രവേശന വിളംബരം
iii) വൈക്കം സത്യാഗ്രഹം
iv) മഹാത്മാ ഗാന്ധിയുടെ ആദ്യ കേരള സന്ദർശനം

A:-i, iii, iv, ii

B:-iv, iii, i, ii

C:-ii, iii, iv, i

D:-iii, iv, i, ii

Correct Answer:- Option-B

Question6:-താഴെ കൊടുത്തവയിൽ നിന്ന് ശരിയായ ജോടി കണ്ടെത്തുക.
i) നീലദർപ്പൺ - ദീനബന്ധുമിത്ര
ii) ഹിന്ദ് സ്വരാജ് - ബി. ആർ. അംബേദ്ക്കർ
iii) ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു - മൌലാന അബ്ദുൽ കലാം ആസാദ്
iv) തോട്ട്സ് ഓൺ പാക്കിസ്ഥാൻ - എം. എൻ. റോയി

A:-i മാത്രം

B:-i ഉം iii ഉം

C:-ii ഉം iv ഉം

D:-എല്ലാം ശരിയാണ്

Correct Answer:- Option-B

Question7:-ഗ്രാനൈറ്റ് ഏതു തരം ശിലകൾക്കുദാഹരണമാണ്

A:-കായാന്തരിക ശിലകൾ

B:-അവസാദ ശിലകൾ

C:-ആഗ്നേയ ശിലകൾ

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question8:-ഇന്ദ്രാവതി, ശബരി എന്നീ നദികൾ ഏത് ഉപദ്വിപീയ നദിയുടെ പോഷക നദികളാണ്

A:-മഹാനദി

B:-ഗോദാവരി

C:-കൃഷ്ണ

D:-താപ്തി

Correct Answer:- Option-B

Question9:-കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമ തീര കനാൽ ഏതു പേരിലറിയപ്പെടുന്നു

A:-ദേശീയ ജലപാത-1

B:-ദേശീയ ജലപാത-2

C:-ദേശീയ ജലപാത-3

D:-ദേശീയ ജലപാത-4

Correct Answer:- Option-C

Question10:-നാഷണൽ റിമോട്ട് സെൻസിങ് സെൻ്ററിൻറെ (NRSC) ആസ്ഥാനം എവിടെയാണ്

A:-ഹൈദരാബാദ്

B:-ഡൽഹി

C:-മുംബൈ

D:-ബാംഗ്ലൂർ

Correct Answer:- Option-A

Question11:-'ഡോക്ടർ' എന്നറിയപ്പെടുന്ന പ്രാദേശിക വാതം ഏത്

A:-ലൂ

B:-ഫൊൻ

C:-ഹർമാറ്റൻ

D:-ചിനൂക്ക്

Correct Answer:- Option-C

Question12:-ഭാവിയിലെ കാലാവസ്ഥ വ്യതിയാനത്തിൻ്റെ അളവ് കുറയ്ക്കുന്നതിനെ വിളിക്കുന്ന പേരെന്ത്

A:-ലഘൂകരണം

B:-ജിയോ എഞ്ചിനീയറിംഗ്

C:-പൊരുത്തപ്പെടുത്തൽ

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question13:-ഇന്ത്യയുടെ റിസർവ് ബാങ്കിൻ്റെ ഇപ്പോഴത്തെ ഗവർണർ ആരാണ്

A:-സഞ്ജയ് മൽഹോത്ര

B:-ശക്തികാന്ത ദാസ്

C:-ഊർജിത് പട്ടേൽ

D:-ദുവ്വൂരി സുബ്ബരാവു

Correct Answer:- Option-A

Question14:-താഴെക്കൊടുത്തിട്ടുള്ളവയിൽ പ്രത്യക്ഷ നികുതിക്ക് ഉദാഹരണമാണ്

A:-എക്സൈസ് തീരുവ

B:-വില്പന നികുതി

C:-കസ്റ്റംസ് തീരുവ

D:-വരുമാന നികുതി

Correct Answer:- Option-D

Question15:-നബാർഡ് സ്ഥാപിതമായ വർഷം

A:-1980

B:-1981

C:-1982

D:-1992

Correct Answer:- Option-C

Question16:-ഇപ്പോഴത്തെ ലോകബാങ്ക് പ്രസിഡണ്ട് ആരാണ്

A:-അൻഷുല കാന്ത്

B:-അജയ് ബംഗ

C:-ജോർജ് സൂരോസ്

D:-പർഗ്ജിത് സിൻഹ

Correct Answer:- Option-B

Question17:-ഇന്ത്യയിൽ ആദ്യത്തെ ഔദ്യോഗിക സെൻസസ് നടന്ന വർഷം ഏത്

A:-1921

B:-1951

C:-1881

D:-1911

Correct Answer:- Option-C

Question18:-സുവർണ്ണ വിപ്ലവം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു

A:-ഹോർട്ടികൾച്ചർ

B:-സെറികൾച്ചർ

C:-പിസികൾച്ചർ

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question19:-ഒരു പ്രത്യേക രോഗം മൂലം അകാലത്തിൽ മരണമടയുന്ന ആളുകളുടെ എണ്ണം അളക്കുന്ന സൂചിക

A:-മരണ നിരക്ക്

B:-ശിശുമരണ നിരക്ക്

C:-ആഗോള രോഗഭാരം

D:-മാതൃമരണ നിരക്ക്

Correct Answer:- Option-C

Question20:-ദിനേശ് ഗോസ്വാമി കമ്മിറ്റിയുടെ പരിഗണനാ വിഷയം

A:-ബാങ്കുകളുടെ ദേശസാൽക്കരണം

B:-വടക്ക് കിഴക്കൻ മേഖലയിലെ സംസ്ഥാന രൂപീകരണം

C:-തിരഞ്ഞെടുപ്പ് പരിഷ്കരണം

D:-കേന്ദ്രസംസ്ഥാന ബന്ധങ്ങൾ

Correct Answer:- Option-C

Question21:-1. സ്വകാര്യതയ്ക്കുള്ള അവകാശ ഭരണഘടനയുടെ അനുച്ഛേദം 21 ന്റെ ഭാഗമാണ്.
2. ജീവനോപാധികൾ തേടുവാനുള്ള അവകാശം ഭരണഘടനയുടെ അനുച്ഛേദം 21 ന്റെ ഭാഗമാണ്.
മുകളിൽ കൊടുത്ത പ്രസ്താവനകളിൽ ശരിയായതേത്

A:-1 ശരിയായത്

B:-2 ശരിയായത്

C:-1 തെറ്റ് 2 ശരി

D:-1 ഉം 2 ഉം ശരി

Correct Answer:- Option-D

Question22:-ഇന്ത്യൻ ഭരണഘടനയുടെ ആമുഖപ്രകാരം ഏറ്റവും ശരിയായ പ്രസ്താവന ഏത്

A:-ഇന്ത്യ ഒരു മതേതര റിപ്പബ്ലിക്കാണ്

B:-ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കാണ്

C:-ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്കാണ്

D:-ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്

Correct Answer:- Option-B

Question23:-ഭരണകക്ഷിയിലെ അംഗങ്ങൾ മാത്രം അധ്യക്ഷനാകുന്ന പാർലമെന്ററി കമ്മിറ്റി

A:-എസ്റ്റിമേറ്റ്കമ്മിറ്റി

B:-പബ്ലിക്ക് അക്കൌണ്ട് കമ്മിറ്റി

C:-പബ്ലിക്ക് അണ്ടർടേക്കിങ് കമ്മിറ്റി

D:-കമ്മിറ്റി ഓൺ ഡെലിഗേറ്റഡ് റജിസ്ലേഷൻ

Correct Answer:- Option-A

Question24:-സെൻട്രൽ വിസ്ത പദ്ധതി ബന്ധപ്പെട്ടിരിക്കുന്നത്

A:-ദേശീയപാത വികസനം

B:-പാർലമെന്റ് സമുച്ചയ  നിർമ്മാണം

C:-കേന്ദ്രപദ്ധതികളുടെ പ്രചരണം

D:-കേന്ദ്രജീവനക്കാരുടെ പെൻഷൻ പദ്ധതി

Correct Answer:- Option-B

Question25:-ഭരണഘടന ദിനമായി ആചരിക്കുന്നത്

A:-നവംബർ 26

B:-ഒക്ടോബർ 26

C:-ജനുവരി 26

D:-ആഗസ്റ്റ് 26

Correct Answer:- Option-A

Question26:-പഞ്ചായത്തിരാജ് സംവിധാനത്തിന് ഭരണഘടന പദവി നൽകിയ കമ്മിറ്റി

A:-ബൽവന്ത്റായ് മേത്ത കമ്മിറ്റി

B:-അശോകമേത്ത കമ്മിറ്റി

C:-വി. എൻ. റാവു കമ്മിറ്റി

D:-തുംഗൻ കമ്മിറ്റി

Correct Answer:- Option-D

Question27:-പെൺകുട്ടികൾക്ക് സ്വയം രക്ഷയ്ക്കായി ആയോധന കലകളിൽ പരിശീലനം നൽകി ആത്മവിശ്വാസം വളർത്തുന്നതിനായി  വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ്

A:-കരുത്ത്

B:-ആയോധനം

C:-ആശ്വാസം

D:-ശ്രദ്ധ

Correct Answer:- Option-A

Question28:-താഴെപ്പറയുന്നവയിൽ സംസ്ഥാന പബ്ലിക്ക് സർവീസ് കമ്മീഷനുമായി യോജിക്കുന്ന പ്രസ്താവന/പ്രസ്താവനകൾ ഏത്
i) ഇന്ത്യൻ ഭരണഘടനയുടെ 315 വകുപ്പിലാണ് സംസ്ഥാന പബ്ലിക്ക് സർവീസ് കമ്മീഷനെക്കുറിച്ച് പ്രതിപാദിക്കുന്നത്.
ii) സംസ്ഥാന പബ്ലിക്ക് സർവീസ് കമ്മീഷൻ ചെയർമാനേയും മറ്റ് അംഗങ്ങളേയും നിയമിക്കുന്നത് ഗവർണർ ആണ്.
iii) സംസ്ഥാന പബ്ലിക്ക് സർവീസ് കമ്മീഷൻ ചെയർമാൻ്റെ കാലാവധി 5 വർഷമാണ്.

A:-i മാത്രം

B:-i, ii മാത്രം

C:-i, iii മാത്രം

D:-ii, iii മാത്രം

Correct Answer:- Option-B

Question29:-കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ചെയർമാൻ ആരാണ്

A:-പരിസ്ഥിതി വകുപ്പ് മന്ത്രി

B:-ചീഫ് സെക്രട്ടറി

C:-കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ

D:-കൃഷി വകുപ്പ് മന്ത്രി

Correct Answer:- Option-A

Question30:-2024-ൽ പാരീസ് ഒളിമ്പിക്സിൽ ഹോക്കിയിൽ വെങ്കല മെഡൽ നേടിയ മലയാളി താരം ആരാണ്

A:-മാനുവൽ ഫെഡറിക്ക്

B:-ധനരാജ് പിള്ള

C:-പി. ആർ. ശ്രീജേഷ്

D:-പ്രേംകുമാർ പി

Correct Answer:- Option-C

Question31:-മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമീണനായ പ്രായപൂർത്തിയായ ഒരു വ്യക്തി ഗ്രാമപഞ്ചായത്തിൽ തൊഴിലിന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ തൊഴിൽ നൽകാനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിന് ഉണ്ട്

A:-30 ദിവസം

B:-10 ദിവസം

C:-15 ദിവസം

D:-45 ദിവസം

Correct Answer:- Option-C

Question32:-2024-ൽ പ്രഖ്യാപിച്ച 54മത് കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടത് ആരാണ്

A:-മമ്മൂട്ടി

B:-പൃഥിരാജ്

C:-ജോജു ജോർജ്

D:-കെ. ആർ. ഗോകുൽ

Correct Answer:- Option-B

Question33:-താഴെപ്പറയുന്നവയിൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട യോജിക്കുന്ന പ്രസ്താവന/പ്രസ്താവനകൾ ഏത് ?
i) 2005 ലെ വിവരാവകാശ നിയമമനുസരിച്ച് കേരള സംസ്ഥാന സർക്കാർ രൂപീകരിച്ച ഒരു സ്വയം ഭരണാധികാര സ്ഥാപനമാണ് കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ.
ii) സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെ നിയമിക്കുന്നത് ഗവർണർ ആണ്.
iii) സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറുടെ കാലാവധി മൂന്നുവർഷമോ,അല്ലെങ്കിൽ 65 വയസ്സ് തികയുന്നത് വരെയോ ഏതാണോ നേരത്തെ ഉള്ളത് അതായിരിക്കും.

A:-i മാത്രം

B:-i, ii മാത്രം

C:-ii, iii മാത്രം

D:-ഇവയെല്ലാം

Correct Answer:- Option-D

Question34:-മലമ്പനിയുടെ രോഗകാരിയായ പ്ലാസ്മോഡിയം താഴെ പറയുന്നവയിൽ ഏത് വിഭാഗത്തിൽ പെടുന്നു

A:-അമീബോയിഡ് പ്രോട്ടോസോവ

B:-സീലിയേറ്റ് പ്രോട്ടോസോവ

C:-ഫ്ലജല്ലേറ്റ് പ്രോട്ടോസോവ

D:-സ്പോറോസോവ

Correct Answer:- Option-D

Question35:-രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന പ്രോട്ടീനുകളുടെ ഉത്പാദനത്തെ നിയന്ത്രിക്കുന്ന ജീനുകൾക്ക് വൈകല്യം സംഭവിച്ച് പ്രോട്ടീൻ ഉത്പാദനം തകരാറിലാവുന്ന ജനിതക രോഗം ഏത്

A:-ഹീമോഫീലിയ

B:-സിക്കിൾ സെൽ അനീമിയ

C:-ഫെനൈൽ കെറ്റോണൂറിയ

D:-ഡൌൺ സിൻഡ്രോം

Correct Answer:- Option-A

Question36:-തലച്ചോറിൽ ഡോപാമിൻ എന്ന നാഡീയ പ്രേഷകത്തിൻ്റെ ഉത്പാദനം കുറയുകയും മസ്തിഷ്കത്തിലെ പ്രത്യേക ഗാംഗ്ലിയോണുകൾ നശിക്കുകയും ചെയ്യുന്ന രോഗം ഏത്

A:-ആൽഷിമേഴ്സ് രോഗം

B:-പാർക്കിൻസൺസ് രോഗം

C:-അപസ്മാരം

D:-സ്കീസോഫ്രീനിയ

Correct Answer:- Option-B

Question37:-അമിനോ ആസിഡുകളിൽ നിന്ന് ഗ്ലൂക്കോസ് നിർമ്മിക്കുന്നതിന് സഹായിക്കുന്ന ഹോർമോൺ ഏത്

A:-ഗ്ലൂക്കഗോൺ

B:-ഇൻസുലിൻ

C:-മെലാടോണിൻ

D:-വാസോപ്രസിൻ

Correct Answer:- Option-A

Question38:-സൊമാറ്റോട്രോപിൻ്റെ അമിത ഉത്പാദനം മൂലം വളർച്ചാഘട്ടത്തിനു ശേഷം മുഖം, താടിയെല്ല്, വിരലുകൾ എന്നിവിടങ്ങളിലെ അസ്ഥികൾ വളരുന്ന അവസ്ഥയെ പറയുന്ന പേരെന്ത്

A:-ഭീമാകാരത്വം

B:-വാമനത്വം

C:-അക്രോമെഗാലി

D:-ക്രെറ്റിനിസം

Correct Answer:- Option-C

Question39:-ലോക പ്രമേഹദിനമായി ആചരിക്കുന്നത് എപ്പോൾ

A:-നവംബർ 14

B:-നവംബർ 22

C:-നവംബർ 5

D:-നവംബർ 8

Correct Answer:- Option-A

Question40:-കാശിരംഗ നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏത്

A:-കർണ്ണാടക

B:-ആസാം

C:-ഗുജറാത്ത്

D:-രാജസ്ഥാൻ

Correct Answer:- Option-B

Question41:-സൈലൻ്റ് സ്പ്രിങ്ങ് (Silent Spring) എന്ന പ്രസിദ്ധ പുസ്തകം രചിച്ചത് ആര്

A:-ബാർബറ കിംഗ്‌സോൾവർ

B:-ആരതി കുമാർ റാവു

C:-അമിതവ്ഘോഷ്

D:-റേച്ചൽ കാഴ്സൺ

Correct Answer:- Option-D

Question42:-ചലിച്ചുകൊണ്ടിരിക്കുന്ന ദ്രാവക പടലങ്ങൾക്കിടയിൽ അവയുടെ ആപേക്ഷിക ചലനത്തെ തടസ്സപ്പെടുത്തുന്ന വിധത്തിൽ പടലങ്ങൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന ഘർഷണബലമാണ്

A:-വിസ്കസ് ബലം

B:-പ്ലവക്ഷമ ബലം

C:-അഡ്ഹിഷൻ ബലം

D:-കോഹീഷൻ ബലം

Correct Answer:- Option-A

Question43:-വാഹനങ്ങളിൽ റിയർവ്യൂ മിറർ ആയി ഉപയോഗിക്കുന്ന ദർപ്പണം ഏതാണ്

A:-സമതല ദർപ്പണം

B:-കോൺകേവ് ദർപ്പണം

C:-കോൺവെക്സ് ലെൻസ്

D:-കോൺവെക്സ് ദർപ്പണം

Correct Answer:- Option-D

Question44:-താഴെ തന്നിട്ടുള്ളവയിൽ സ്ഥിതികോർജവുമായി ബന്ധപ്പെട്ടിട്ടുള്ള സന്ദർഭങ്ങൾ തെരഞ്ഞെടുക്കുക.

i) അമർത്തിയ സ്പ്രിങ്
ii) ഓടിക്കൊണ്ടിരിക്കുന്ന വാഹനം
iii) ഡാമിൽ സംഭരിച്ചിട്ടുള്ള ജലം

A:-i and ii

B:-i and iii

C:-എല്ലാം

D:-ii and iii

Correct Answer:- Option-B

Question45:-ISRO നിർമ്മിക്കുന്ന, ബഹിരാകാശത്തേക്ക് പോയി വരാൻ ഉപയോഗിക്കാവുന്ന (RLV-Reusable Launch Vehicle) വാഹനത്തിന് നൽകിയിരിക്കുന്ന പേര്

A:-ചന്ദ്രയാൻ

B:-പുഷ്പക്

C:-ഗഗൻയാൻ

D:-PSLV

Correct Answer:- Option-B

Question46:-ഇതിൽ ഏതാണ് ISRO യുടെ ആദ്യ സൌരൃ ദൌത്യം

A:-ചന്ദ്രയാൻ-1

B:-ചന്ദ്രയാൻ-2

C:-ആദിത്യ L1

D:-ആദിത്യ L2

Correct Answer:- Option-C

Question47:-ആവർത്തനപ്പട്ടികയിൽ ഗ്രൂപ്പിൽ മുകളിലേക്ക് പോകുംതോറും ലോഹഗുണം

A:-കൂടുന്നു

B:-അതേപടി തുടരുന്നു

C:-കുറയുന്നു

D:-ആദ്യം കൂടുകയും പിന്നീട് കുറയുകയും ചെയ്യുന്നു

Correct Answer:- Option-C

Question48:-അമോണിയം സൾഫേറ്റ്

A:-ബേസിക് ലവണം

B:-അസിഡിക് ലവണം

C:-ന്യൂട്രൽ ലവണം

D:-സങ്കീർണ്ണ ലവണം

Correct Answer:- Option-B

Question49:-നാഡീ വ്യവസ്ഥയ്ക്ക് ഉത്തേജനം നല്കുന്ന ഏത് ആൽക്കലോയ്ഡ് ആണ് ചായയിലും കാപ്പിയിലും അടങ്ങിയിരിക്കുന്നത്

A:-നിക്കോട്ടിൻ

B:-ക്വിനിൻ

C:-മോർഫീൻ

D:-കഫീൻ

Correct Answer:- Option-D

Question50:-താഴെപറയുന്നവയിൽ ഏതാണ് രാസമാറ്റത്തെ പ്രതിനിധീകരിക്കാത്തത്.

A:-ഇലകൾ കത്തിക്കുന്നത്

B:-മുന്തിരിയുടെ അഴുകൽ

C:-പുതുതായി മുറിച്ച വാഴപ്പഴം തവിട്ട് നിറമാകുന്നത്

D:-ജലം ഐസ് ആകുന്ന പ്രക്രിയ

Correct Answer:- Option-D

Question51:-വായു കുമിളകൾ താഴെ നിന്ന് ജലത്തിൻ്റെ ഉപരിതലത്തിലേക്ക് നീങ്ങുമ്പോൾ വികസിക്കുന്നു. ഇത് ഏതിൻ്റെ ഒരു ഉദാഹരണമാണ്

A:-ബോയിൽ നിയമം

B:-ചാൾസ് നിയമം

C:-അവഗാഡ്രോ നിയമം

D:-ഗ്രഹാം നിയമം

Correct Answer:- Option-A

Question52:-ചുവടെ നൽകിയിരിക്കുന്നവയിൽ ഏതു നോവലിലാണ് "അള്ളപ്പിച്ച മൊല്ലാക്ക" എന്ന കഥാപാത്രമുള്ളത് ?

A:-സ്മാരക ശിലകൾ

B:-ദൈവത്തിൻ്റെ കണ്ണ്

C:-അറബിപ്പൊന്ന്

D:-ഖസാക്കിൻ്റെ ഇതിഹാസം

Correct Answer:- Option-D

Question53:-മാധവ് ഗാഡ്ഗില്ലിൻ്റെ പശ്ചിമഘട്ടം ഒരു പ്രണയകഥ എന്ന കൃതിക്ക് അവതാരിക എഴുതിയതാരാണ്

A:-അംബികാസുതൻ മാങ്ങാട്

B:-ഡോ. വന്ദന ശിവ

C:-ഡോ. എം. എസ്. സ്വാമിനാഥൻ

D:-ശ്രീധർ രാധാകൃഷ്ണൻ

Correct Answer:- Option-C

Question54:-കേരളത്തിൽ ആദ്യമായി ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ ലഭിച്ച റെയിൽവേസ്റ്റേഷൻ ഏതാണ്

A:-തിരുവനന്തപുരം സെൻട്രൽ

B:-കാഞ്ഞങ്ങാട്

C:-കൊല്ലം

D:-എറണാകുളം സൌത്ത്

Correct Answer:- Option-A

Question55:-2023 ലെ പുരുഷവിഭാഗം ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെൻ്റിൽ മൂന്നാം സ്ഥാനത്തു വന്ന രാജ്യം

A:-മലേഷ്യ

B:-പാകിസ്ഥാൻ

C:-ദക്ഷിണ കൊറിയ

D:-ജപ്പാൻ

Correct Answer:- Option-D

Question56:-തിരുവനന്തപുരത്തു നിന്നു പ്രസിദ്ധീകൃതമായ ആദ്യ പത്രം ഏതാണ്

A:-കേരള ചന്ദ്രിക

B:-കേരള കൌമുദി

C:-കേരള പത്രിക

D:-കേരള ദർപ്പണം

Correct Answer:- Option-A

Question57:-സംസ്ഥാന കായികദിനം എന്നാണ്

A:-ഒക്ടോബർ 7

B:-ഒക്ടോബർ 11

C:-ഒക്ടോബർ 13

D:-ഒക്ടോബർ 12

Correct Answer:- Option-C

Question58:-കേരള സംഗീത നാടക അക്കാദമിയുടെ ഇപ്പോഴത്തെ ചെയർമാൻ ആരാണ്

A:-അടൂർ ഗോപാലകൃഷ്ണൻ

B:-മട്ടന്നൂർ ശങ്കരൻ കുട്ടി

C:-കലാമണ്ഡലം ഉണ്ണികൃഷ്ണൻ

D:-കരിവെള്ളൂർ മുരളി

Correct Answer:- Option-B

Question59:-കമ്പ്യൂട്ടർ ഉപയോക്താവും കമ്പ്യൂട്ടർ ഹാർഡ് വെയറും തമ്മിലുള്ള ഒരു ഇൻററർഫേസായി പ്രവർത്തിക്കുന്ന സോഫ്റ്റ് വെയർ ഏതാണ്

A:-ലാംഗ്വേജ് പ്രോസസർ

B:-ഓപ്പറേറ്റിംഗ് സിസ്റ്റം

C:-ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ

D:-യൂട്ടിലിറ്റി സോഫ്റ്റ് വെയർ

Correct Answer:- Option-B

Question60:-വ്യത്യസ്ത പ്രോട്ടോക്കോളുകൾ പിന്തുടരുന്ന രണ്ട് നെറ്റ് വർക്കുകളെ തമ്മിൽ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉപകരണത്തിൻ്റെ പേര് എഴുതുക.

A:-റൂട്ടർ

B:-ഹബ്

C:-സ്വിച്ച്

D:-ഗേറ്റ് വേ

Correct Answer:- Option-D

Question61:-കൂട്ടത്തിൽ ചേരാത്തത് തിരഞ്ഞെടുക്കുക.

A:-Yahoo!

B:-Safari

C:-Google

D:-Bing

Correct Answer:- Option-B

Question62:-കേരള സർക്കാർ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് രൂപം നൽകിയിട്ടുള്ള കേന്ദ്രീകൃത പോർട്ടലിൻ്റെ പേര്

A:-ഇ-ഡിസ്ട്രിക്

B:-ഇ-സേവനം

C:-അക്ഷയ

D:-ഫ്രണ്ട്സ്

Correct Answer:- Option-B

Question63:-IT Act, 2000 ത്തിലെ സെക്ഷൻ 66F എന്തിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്

A:-സൈബർ ഭീകരത

B:-പകർപ്പവകാശ ലംഘനം

C:-കമ്പ്യൂട്ടർ ഉറവിടങ്ങൾ ഉപയോഗിച്ചുള്ള തട്ടിപ്പ്

D:-സൈബർ ഹരാസ്സ്മെൻ്റ്

Correct Answer:- Option-A

Question64:-2005-ലെ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരം ഒരു വ്യക്തിയുടെ ജീവനെയോ അല്ലെങ്കിൽ സ്വാതന്ത്ര്യത്തെയോ സംബന്ധിച്ചുള്ളതാണെങ്കിൽ അതിനുള്ള മറുപടി നൽകേണ്ടുന്ന സമയ പരിധി എത്രയാണ്

A:-അത് അപേക്ഷ ലഭിച്ച നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ നൽകേണ്ടതാണ്

B:-ഒരു മാസത്തിനുള്ളിൽ നൽകേണ്ടതാണ്

C:-ഒരാഴ്ചക്കുള്ളിൽ നൽകേണ്ടതാണ്

D:-ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ നൽകേണ്ടതാണ്

Correct Answer:- Option-A

Question65:-കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമപ്രകാരം വിശദമായ പരിശോധനയോ അല്ലെങ്കിൽ മറ്റ് ടെസ്റ്റുകളോ ആവശ്യമായ വസ്തുക്കളുടെ മേലിലുള്ള പരാതി തീർപ്പാക്കേണ്ടുന്ന സമയ പരിധി എത്ര

A:-12 മാസം

B:-6 മാസം

C:-5 മാസം

D:-3 മാസം

Correct Answer:- Option-C

Question66:-താഴെ കൊടുത്തിരിക്കുന്നവ ഏത് നിയമങ്ങളുടെ വകുപ്പുകളിൽ പെട്ടതാണ് ?
i) പങ്കാളിയുടെ വീട്ടിൽ നിന്നും ഇറക്കിവിടൽ ഭീഷണി നേരിടുന്ന ഇന്ത്യയിലെ സ്ത്രീകൾക്ക് ആദ്യമായി ലഭിക്കുന്ന പരിരക്ഷയാണ് നിയമം പ്രദാനം ചെയ്യുന്നത്.
ii) ഗാർഹിക പീഡനത്തിനിരയായവരുടെ ജോലി സ്ഥലത്ത് പ്രവേശിച്ചോ, വിദ്യാലയത്തിൽ ചെന്നോ ഇത്തരത്തിൽ പീഡനങ്ങൾ ആവർത്തിക്കുന്നതിനെയും വിലക്കാം.
iii) ഗാർഹികാതിക്രമങ്ങൾക്കിരയാകുന്നവരെ സഹായിക്കുകയോ അഭയം നൽകുകയോ ചെയ്യുന്ന ബന്ധുക്കളെയോ, മറ്റുള്ളവരെയോ പീഡിപ്പിക്കുന്നതിൽ നിന്നും എതിർകക്ഷികളെ കോടതിക്ക് വിലക്കാം.
iv) പരാതിക്കാരിക്ക് നിയമപരമായി അവകാശം ഉണ്ടെങ്കിലും ഇല്ലെങ്കിലും എതിർ കക്ഷിക്കൊപ്പം പങ്കു പാർത്ത വീട്ടിൽ നിന്നും ഒഴിപ്പിക്കുകയോ താമസിപ്പിക്കുന്നതിൽ ശല്യം ചെയ്യുകയോ ചെയ്യുന്നതിനെ വിലക്കി ഉത്തരവിടാൻ ഈ നിയമപ്രകാരം മജിസ്ട്രേറ്റിന് അധികാരമുണ്ട്.

A:-i ഉം ii ഉം സൈബർ നിയമം

B:-iii ഉം iv ഉം മനുഷ്യാവകാശ നിയമം

C:-i ഉം ii ഉം iii ഉം iv ഉം ഇന്ത്യ ഇന്ത്യൻ ശിക്ഷാ നിയമം

D:-i ഉം ii ഉം iii ഉം iv ഉം ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം

Correct Answer:- Option-D

Question67:-താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏത്

A:-പോക്സോ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടാൽ സ്പെഷ്യൽ കോടതികളിൽ വെച്ചാണ് വിചാരണ നടത്തേണ്ടത്

B:-കുട്ടികളുടെ പോണോഗ്രഫിക് ദൃശ്യങ്ങൾ കാണുന്നത് കുറ്റകരമാണ്

C:-കുട്ടിയുടെ തെളിവ് റെക്കോർഡ് ചെയ്യുന്ന സ്പെഷ്യൽ കോടതി ആ കുറ്റ കൃത്യം നടപടിക്കെടുത്തു 45 ദിവസത്തിനുള്ളിൽ കുട്ടിയുടെ തെളിവ് രേഖപ്പെടുത്തേണ്ടതും അത് വൈകുന്നുവെങ്കിൽ അതിനുള്ള കാരണം സ്പെഷ്യൽ കോടതി രേഖപ്പെടുത്തേണ്ടതുമാണ്

D:-കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ അവരുടെ സംരക്ഷണ ചുമതലയുള്ളവരിൽ നിന്നായാല് ശിക്ഷയുടെ കാഠിന്യം കൂടും

Correct Answer:- Option-C

Question68:-താഴെ പറയുന്നവ ഏതു നിയമത്തിന്റെ പ്രധാന സവിശേഷതകളാണ്
i) പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്ന നിയമാണിത്.
ii) ആക്ട് പ്രകാരം പ്രതികൾക്ക് മുൻകൂർ ജാമ്യത്തിന് വ്യവസ്ഥയില്ല.
iii) കൂടാതെ, മുതിർന്ന പോലീസ് ഉദ്യോഗസ്ഥരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ പ്രതിയെ അറസ്റ്റ് ചെയ്യാനുള്ള അവകാശം അന്വേഷണ ഉദ്യോഗസ്ഥന് നൽകുന്നു.

A:-2018-ലെ പട്ടികജാതി-പട്ടിക വർഗ (അതിക്രമങ്ങൾ തടയൽ) ഭേദഗതി നിയമം

B:-1989-ലെ പട്ടികജാതി-പട്ടിക വർഗ (അതിക്രമങ്ങൾ തടയൽ) നിയമം

C:-1860-ലെ ഇന്ത്യൻ ശിക്ഷാ നിയമം

D:-1955-ലെ പൌരാവകാശ സംരക്ഷണ നിയമം

Correct Answer:- Option-A

Question69:-താഴെ തന്നിട്ടുള്ളതിൽ നിന്ന് ഒപ്റ്റിക്കൽ ക്യാരക്റ്റർ റെക്കഗ്നിഷൻ അഥവാ ഒ. സി. ആർ ഏത് ?
i) പരമ്പരാഗത സ്വഭാവത്തിലുള്ള മോഷണം, വ്യാജരേഖ ചമയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ കമ്പ്യൂട്ടറുമായോ, കമ്പ്യൂട്ടർ ശൃംഖലയുമായോ ബന്ധപ്പെടുത്തി നടക്കുന്ന ഒന്നാണ്.
ii) യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത്യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു.ഇൻറലിജൻറ് ഏജൻറുമാരുടെ പഠന മേഖലയാണ്.
iii) നിങ്ങളുടെ അറിവോ സമ്മതമോ കൂടാതെ ഒരു അപരിചിതൻ നിങ്ങളുടെ കമ്പ്യൂട്ടർ സിസ്റ്റങ്ങളിൽ അതിക്രമിച്ചു കയറി വിലയേറിയ രഹസ്യ വിവരങ്ങളും വിവരങ്ങളും കൈക്കലാക്കുന്ന ഒന്നാണ്.
iv) സ്കാൻ ചെയ്ത ഡോക്യുമെൻറുകളിൽ നിന്ന് അച്ചടിച്ചതും കൈയ്യെഴുത്തുള്ളതുമായ അക്ഷരങ്ങൾ യാന്ത്രികമായി വേർതിരിച്ചെടുത്ത് മെഷീൻ എൻകോഡഡ് ടെക്സ്റ്റിലേക്ക് മാറ്റിയെടുക്കുന്നതിനുള്ള കമ്പ്യൂട്ടർ സങ്കേതമാണ്.

A:-i ഉം ii ഉം ശരിയാണ്

B:-i ഉം iii ഉം ശരിയാണ്

C:-iii ശരിയാണ്

D:-iv ആണ് ശരിയുത്തരം

Correct Answer:- Option-D

Question70:-i) ജനസംഖ്യാടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനങ്ങളിലേയും ലോകസഭാ സീറ്റുകൾ നിശ്ചിക്കപ്പെട്ടിരിക്കുന്നത് അഞ്ചു വർഷമാണ് കാലാവധി.

ii) 25 വയസ്സ് കഴിഞ്ഞ ഏതൊരു ഇന്ത്യൻ പൌരനും ലോകസഭയിലേക്ക് മത്സരിക്കാം.
iii) ലോക്സഭയിലെ ആകെ അംഗസംഖ്യ 540 ആണ്. 540 പേരെ ലോക്സഭാ മണ്ഡലങ്ങളിൽ നിന്ന് ജനങ്ങളാൽ നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നു. മറ്റു 5 പേരെ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ നിന്നും രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നു.
iv) 18 വയസ്സ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൌരനും വോട്ട് ചെയ്യാൻ അവകാശമുണ്ട്.
മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ ഉത്തരം എഴുതുക.

A:-ഒന്നും രണ്ടും ശരിയാണ്

B:-രണ്ടും നാലും ശരിയാണ്

C:-മൂന്നാമത്തേത് ശരിയല്ല

D:-ഒന്നും നാലും ശരിയാണ്

Correct Answer:- Option-C

Question71:-ഒരാൾ 3000 രൂപ 12% പലിശ നിരക്കിൽ ഒരു ബാങ്കിൽ നിക്ഷേപിക്കുന്നു. എങ്കിൽ 2 വർഷം കഴിഞ്ഞ് അയാൾക്ക് കിട്ടുന്ന തുക എത്ര ?

A:-3,360

B:-720

C:-3,800

D:-3,720

Correct Answer:- Option-D

Question72:-രണ്ട് അർദ്ധഗോളങ്ങളുടെ ആരങ്ങൾ തമ്മിലുള്ള അനുപാതം 1 :2 ആണെങ്കിൽ അവയുടെ ഉപരിതല വിസ്തീർണ്ണങ്ങൾ തമ്മിലുള്ള അനുപാതം എത്ര

A:-2:4

B:-1:4

C:-2:6

D:-1:8

Correct Answer:- Option-B

Question73:-SSLC പരീക്ഷയിൽ 11 കുട്ടികളുടെ മാർക്കുകൾ 38, 30, 25, 20, 24, 33, 27, 36, 32, 28, 24 ആയാൽ മാർക്കുകളുടെ മീഡിയൻ എത്ര

A:-27

B:-30

C:-28

D:-24

Correct Answer:- Option-C

Question74:-ഒരു ക്ലോക്കിൽ സമയം 8.20 pm കാണിക്കുന്നു എങ്കിൽ മിനിറ്റ് സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോണളവ് എത്ര ?

A:-150°

B:-130°

C:-100°

D:-120°

Correct Answer:- Option-B

Question75:-12 + (17−12) × 3 + 72 ÷ 8 = ?

A:-52

B:-60

C:-36

D:-40

Correct Answer:- Option-C

Question76:-ഒരു കോഡ് ഭാഷയിൽ WHITE എന്ന വാക്ക്  ZKLWH എന്നാണ് സൂചിപ്പിക്കുന്നതെങ്കിൽ BLACK എന്ന വാക്കിനെ സൂചിപ്പിക്കുന്നത് എങ്ങനെയാണ്

A:-FPEGO

B:-DNCEM

C:-HJMNP

D:-EODFN

Correct Answer:- Option-D

Question77:-ഒറ്റയാനെ കണ്ടെത്തുക
59, 73, 87, 47

A:-87

B:-59

C:-47

D:-73

Correct Answer:- Option-A

Question78:-രാമു തൻ്റെ ഓഫീസിൽ നിന്ന് കിഴക്കോട്ട് 40m നടക്കുന്നു. അവിടെ നിന്ന് വലത്തോട്ട് 8m നടന്നു. ശേഷം വലത്തോട്ട് തിരിഞ്ഞ്25m നടന്നു. എങ്കിൽ രാമു തൻ്റെ ഓഫീസിൽ നിന്ന് എത്ര മീറ്റർ അകലെയാണ്

A:-8m

B:-15m

C:-17m

D:-40m

Correct Answer:- Option-C

Question79:-ഒരു ക്യൂവിൽ ദീപ പിന്നിൽ നിന്ന് ഒൻപതാമതും മുന്നിൽ നിന്ന് ഏഴാമതും ആണെങ്കിൽ എത്ര പേർ  ക്യൂവിലുണ്ട് ?

A:-15

B:-18

C:-16

D:-12

Correct Answer:- Option-A

Question80:-$\frac{0.00036 \times 0.000064}{0.0000006 \times 0.00008}$ = ?

A:-4800

B:-4.8

C:-480

D:-48

Correct Answer:- Option-C

Question81:-Fill in the blank using the appropriate form of the verb.
Usually they play cricket but now they ______ football.

A:-were playing

B:-have been playing

C:-play

D:-are playing

Correct Answer:- Option-D

Question82:-Select the appropriate question tag.
They rarely visit us, ______?

A:-do they ?

B:-don't they ?

C:-did they ?

D:-didn't they ?

Correct Answer:- Option-A

Question83:-Select the suitable phrasal verb.
The proposal was _______ due to lack of funds.

A:-turned on

B:-turned down

C:-turned up

D:-turned away

Correct Answer:- Option-B

Question84:-'I think the manger is dragging his feet in this case'.
This sentence can be interpreted as

A:-The manger is trying to find fault with someone in this case.

B:-The manger is trying to find a solution in this case.

C:-The manger is acting slowly in this case because he does not want to do it.

D:-The manger is unnecessarily involving himself in this case.

Correct Answer:- Option-C

Question85:-Complete the sentence using the correct option.
If I had a car, I _____

A:-will drop you at the bus stop

B:-would drop you at the bus stop

C:-would have dropped you at the bus stop

D:-could have dropped you at the bus stop

Correct Answer:- Option-B

Question86:-Which among the following is a synonym of the word disposition ?

A:-Status

B:-Position

C:-Disagreement

D:-Character

Correct Answer:- Option-D

Question87:-Change into comparative degree.
Rajiv is the tallest boy in the class.

A:-Rajiv is taller than all the other boys in the class.

B:-Rajiv is taller than many boys in the class.

C:-Rajiv is taller than no other boy in the class.

D:-Rajiv is taller than most of the boys in the class.

Correct Answer:- Option-A

Question88:-A group of soldiers is called ______

A:-Troupe

B:-Herd

C:-Troop

D:-Flock

Correct Answer:- Option-C

Question89:-Pick out the correctly spelt word from the following.

A:-Silhoute

B:-Silhouette

C:-Silhoutte

D:-Sillhoute

Correct Answer:- Option-B

Question90:-Change into indirect speech.
Rita asked Ramesh, "Do you know the answer ?"

A:-Rita asked Ramesh did he know the answer

B:-Rita asked Ramesh does he know the answer

C:-Rita asked Ramesh if he knows the answer

D:-Rita asked Ramesh whether he knew the answer

Correct Answer:- Option-D

Question91:-വിപരീതപദം എഴുതുക - ശുദ്ധം

A:-വിശുദ്ധം

B:-അശുദ്ധം

C:-നിർമ്മലം

D:-പരിശുദ്ധം

Correct Answer:- Option-B

Question92:-കൂടിച്ചേരാനുള്ള സ്ഥലം എന്ന് അർത്ഥം വരുന്ന വാക്ക്

A:-ഉദ്ഘാടന വേദി

B:-അനുസ്മരണ വേദി

C:-സംഗമ വേദി

D:-സമാപന വേദി

Correct Answer:- Option-C

Question93:-ചേർത്തെഴുതുക - സത് + ഭാവം

A:-സത്ഭാവം

B:-സദ്ഭാവം

C:-സത്താഭം

D:-സദ്ബാവം

Correct Answer:- Option-B

Question94:-ശരിയായ ജോഡി ഏത്

A:-തോഴി - ആളി, സഖി

B:-മാവ് - ആമ്രം, കേതു

C:-യുദ്ധം - രണം, ആരണ്യകം

D:-മേദിനി - ധരണി, മേനി

Correct Answer:- Option-A

Question95:-എതിർലിംഗം എഴുതുക. - ലേഖകൻ

A:-ലേഖിണി

B:-ലേഖിക

C:-ലേഖക

D:-ലേഖിഗ

Correct Answer:- Option-B

Question96:-ഒറ്റപ്പദം എഴുതുക -ക്ഷമിക്കാൻ പറ്റാത്തത്

A:-ക്ഷമ്യം

B:-അക്ഷവ്യം

C:-അക്ഷന്തവ്യം

D:-വിഷമ്യം

Correct Answer:- Option-C

Question97:-പിരിച്ചെഴുതുക - മരങ്ങൾ

A:-മര + ങ്ങൾ

B:-മരം + ങ്ങൾ

C:-മര + കൾ

D:-മരം + കൾ

Correct Answer:- Option-D

Question98:-ശരിയായ പദം എഴുതുക.

A:-അതിതി

B:-അഥിതി

C:-അദിതി

D:-അതിഥി

Correct Answer:- Option-D

Question99:-വിത്തുഗുണം പത്തുഗുണം എന്ന ചൊല്ലിന് യോജിക്കുന്നതെന്ത്

A:-വിത്തിന് പത്ത് ഗുണമുണ്ട്

B:-പത്തുഗുണങ്ങൾ വിത്തിനുണ്ട്

C:-പൈതൃകത്തിൻ്റെ ഗുണം മക്കളിൽ ഉണ്ടാകും

D:-വിത്തിൻ്റെ ഗുണം വിളവിൽ ഉണ്ടാവുകയില്ല

Correct Answer:- Option-C

Question100:-"Too many cooks spoil the broth"എന്നതിന് സമാനമായ പഴഞ്ചൊല്ല് ഏത്

A:-കാക്കകുളിച്ചാൻ കൊക്കാകില്ല

B:-ആള് കൂടിയാൽ പാമ്പ് ചാകില്ല

C:-ആവശ്യമാണ്  സൃഷ്ടിയുടെ മാതാവ്

D:-ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട

Correct Answer:- Option-B